## കലശവഴിപാട് – നിരക്കുകൾ

| | | | |
|---|---|---|---|
| 1. | ജീവകലശം | – | 10001 രൂപ |
| 2. | ബ്രഹ്മകലശം | – | 5001 രൂപ |
| 3. | കുംഭേശകർക്കരികലശം | – | 3001 രൂപ |
| 4. | നിദ്രാകലശം | – | 2001 രൂപ |
| 5. | തത്വകലശം | – | 1001 രൂപ |
| 6. | പരികലശം | – | 501 രൂപ |

ഒരു പുരുഷായുസ്സിൽ അത്യപൂർവ്വമായി മാത്രം സാക്ഷ്യം വഹിക്കുവാൻ ലഭിക്കുന്ന പ്രതിഷ്ഠാകലശച്ചടങ്ങുകളിൽ തദ്ദേശവാസികളുടേയും ഭക്തജനങ്ങളുടെയും ആത്മാർത്ഥമായ സഹകരണം അനിവാര്യമാണ്. ഭക്തജനങ്ങൾ അവരുടെ നാമനക്ഷത്രങ്ങളും കുടുംബത്തിന്റെ പേരും നൽകി മേൽപ്പറഞ്ഞ കലശ വഴിപാടുകൾ മുൻകൂട്ടി ബുക്ക്ചെയ്യണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ക്ഷേത്രത്തിലെ വഴിപാടുകൗണ്ടറിൽ നേരിട്ട് പണമടച്ചോ "പുത്തൻകുളങ്ങര ഭഗവതീക്ഷേത്ര പുനരുദ്ധാരണ സമിതി" യുടെ പേരിൽ സമിതിഅക്കൗണ്ടിലേക്ക് ചെക്ക് നൽകിയോ മേൽപ്പറഞ്ഞ വഴിപാടുകൾ ബുക്ക് ചെയ്യാവുന്നതാണ്. വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക.

ജനറൽ കൺവീനർ,
പുത്തൻകുളങ്ങര ഭഗവതീക്ഷേത്ര പുനരുദ്ധാരണ സമിതി,
എരൂർ, തൃപ്പൂണിത്തുറ, പിൻ - 682 306.
General Convenor, Puthankulangara Bhagavathy Kshethra
Punarudharana Samithy, Eroor, Tripunithura - 682306
**SB A/c No. 67155169554 (SBT, Vennala Br.)**
**IFSC/SBT R 0000808**

**E-mail : info@puthankulangaratemple.com**
**Web : www.puthankulangaratemple.com**

**9447378522, 8547181452**
**9447305728, 9400015355**

വിനയാദരപൂർവ്വം
പുത്തൻകുളങ്ങര ഭഗവതീക്ഷേത്ര
പുനരുദ്ധാരണ സമിതി

എരൂർ
10 - 04 - 2013

**Ongoing Project**
Lotus KOCHUPURAKKAL GARDENS
Vaikom Road, Tripunithura

**Future Project**
PADMAHARA APARTMENTS
Near Kalikotta Palace, Tripunithura





LOTUS PROPERTIES
No :3 Sreevas, Mangayil Lane
Poonithura, Petta, Tripunithura
Ph : 0484 - 2305118,2305373, Mob: 9995593928
E-mail: admin@lotusproperties.in, Web: www.lotusproperties.in

**A great living option at Puthankulagara, Eroor North, Tripunithura.**

Handing over on Dec.2013



**2 and 3 bedroom apartments.**
Common Amenities: Exclusive car parking area • 2 High speed lifts • Modern health club • Club house • Intercom • Provision for broadband connectivity • Generator backup • Round the clock security • Common toilet for servants, drivers etc • Modern fire fighting system as per statute.

Mattammel
APARTMENTS

Distance from Mattammel Apartment: Infopark: 5 km • NH Palarivattom:3 km • Vyttila:3 km • Ernakulam Medical Centre: 3 km

**Call: 91 98470 53371, 98467 21367, 98950 79988**

GD BUILDERS
www.gdbuilders.in
GD Builders, Puthenkulagara, Eroor North, Tripunithura-682 306
Email: sales@gdbuilders.in



സംപദേ പാർവ്വതീശഃ
ശ്രീ ഭദ്രകാളൈ്യ നമഃ



# പുത്തൻകുളങ്ങര ക്ഷേത്രം

എരൂർ, തൃപ്പൂണിത്തുറ - 682306
www.puthankulangaratemple.com

## പുത്തൻകുളങ്ങര ഭഗവതിക്ഷേത്ര പുനരുദ്ധാരണം

# പുനഃപ്രതിഷ്ഠയും കലശവും

**14–07–2013 (1188 മിഥുനം 30) ഞായറാഴ്ച**

**ഉത്രം നക്ഷത്രത്തിൽ**
**രാവിലെ 8.32 നും 10.34 നും മദ്ധ്യേ**
**(ചിങ്ങം രാശിയിൽ)**



കാളീം മേഘസമപ്രഭാം ത്രിനയനാം വേതാള കണ്ഠസ്ഥിതാം
ഖഡ്ഗം ഖേടകപാലദാരികശിരഃ കൃത്വാ കരാഗ്രേഷു ച
ഭൂതപ്രേതപിശാചമാതൃസഹിതാം മുണ്ഡസ്രജാലംകൃതാം
വന്ദേ ദുഷ്ടമസൂരികാദി വിപദാം സംഹാരിണീമീശ്വരീം.













ഭക്തജനങ്ങളെ,

മഹാഭാരത കാലത്തോളം പഴക്കം ചെന്ന ഐതിഹ്യവുമായി ബന്ധപ്പെട്ടതാണ് പുത്തൻകുളങ്ങര ക്ഷേത്രത്തിലെ ശിവപ്രതിഷ്ഠ. അത്രതന്നെ പഴക്കമുള്ള മഹാവിഷ്ണു പ്രതിഷ്ഠയും ക്ഷേത്രത്തിലുണ്ട്. എ.ഡി 1492ൽ ഈ ക്ഷേത്രത്തിൽ പുനരുദ്ധാരണം നടന്നിട്ടുള്ളതായി ശിലാലിഖിതം സ്ഥിരീകരിക്കുന്നു. ഈ ക്ഷേത്രത്തിലെ ഉപദേവതയായ ഭദ്രകാളിയുടെ പ്രതിഷ്ഠ പതിനേഴാം നൂറ്റാണ്ടിലാണ് നടന്നതെന്ന് പറയപ്പെടുന്നു. മമ്പാട്ടു ഭട്ടതിരി ഇല്ലത്തെ ബ്രാഹ്മണ ശ്രേഷ്ഠനാൽ പ്രതിഷ്ഠിക്കപ്പെട്ട പുത്തൻകുളങ്ങര ഭഗവതി ക്ഷേത്രത്തിലെ പ്രതിഷ്ഠാസങ്കൽപ്പം ശക്തി സ്വരൂപിണിയായ കൊടുങ്ങല്ലൂർ ഭഗവതിയുടേതാണ്.

1790ൽ പുത്തൻകുളങ്ങര ക്ഷേത്രത്തിലെ ഉപദേവതയായി ശാസ്താവിനേയും പ്രതിഷ്ഠിച്ചു. പിന്നീട് 1800ൽ കൊച്ചി മഹാരാജാവ് ശക്തൻ തമ്പുരാന്റെ നേതൃത്വത്തിലാണ് ഈ ക്ഷേത്രത്തിൽ പുനരുദ്ധാരണം നടന്നിട്ടുള്ളത്. 2004ൽ ശിവക്ഷേത്രം, വിഷ്ണുക്ഷേത്രം, ശാസ്താക്ഷേത്രം എന്നിവിടങ്ങളിൽ നവീകരണവും 2008ൽ ശിവക്ഷേത്രത്തിൽ ധ്വജപ്രതിഷ്ഠയും നടക്കുകയുണ്ടായി. 2010 ആയപ്പോഴേക്കും ഭഗവതീക്ഷേത്ര പുനരുദ്ധാരണത്തെകുറിച്ച് വിവിധ തലങ്ങളിൽ ചർച്ചകൾ നടക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 26-06-2011 ലെ ഭക്തജനങ്ങളുടെ പൊതുയോഗത്തിൽ ഭഗവതീക്ഷേത്ര പുനരുദ്ധാരണത്തിനായി സമിതി രൂപീകരിക്കുകയും ചെയ്തു. 26-08-2011 ൽ അനുജ്ഞാകലശത്തോടെ ആരംഭിച്ച പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇപ്പോൾ അവസാനഘട്ടത്തിലാണ്. 14-07-2013 (1188 മിഥുനം 30) ഞായറാഴ്ച ഉത്രം നക്ഷത്രത്തിൽ രാവിലെ 8.32 നും 10.34 നും മദ്ധ്യേ ചിങ്ങം രാശിയിലുള്ള ശുഭമുഹൂർത്തത്തിൽ ഭഗവതിയുടെ പുനഃപ്രതിഷ്ഠയും കലശവും നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം എല്ലാവരേയും ഭക്ത്യാദരപൂർവ്വം അറിയിക്കുന്നു.

ക്ഷേത്രംസ്ഥപതി ബ്രഹ്മശ്രീ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെയും ക്ഷേത്രംതന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ ശശിനമ്പൂതിരിപ്പാടിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടന്നുവരുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പരിസമാപ്തി കുറിച്ചുകൊണ്ട് നടത്തപ്പെടുന്ന പുനഃപ്രതിഷ്ഠാ കലശകർമ്മങ്ങളിൽ ഭാഗഭാക്കാവാൻ കഴിയുക എന്നതുതന്നെ മുജ്ജന്മസുകൃതം എന്ന് വേണം കണക്കാക്കുവാൻ. താന്ത്രിക കർമ്മങ്ങളിലൂടെ ഭഗവത് ചൈതന്യത്തെ പൂർണ്ണതയിലെത്തിച്ച് അനുഗ്രഹ കലകളെ പോഷിപ്പിച്ച് ചൈതന്യ വർദ്ധന നടത്തി ബിംബത്തിൽ നിന്ന് ജീവകലശത്തിലേക്കാവാഹിക്കുന്നു. ബിംബപ്രതിഷ്ഠയ്ക്കു ശേഷം ഭഗവത്ചൈതന്യത്തെ ജീവകലശത്തിൽ നിന്ന് വീണ്ടും ബിംബത്തിലേക്കാവാഹിച്ച് ക്ഷേത്രാന്തരീക്ഷത്തിലേക്ക് നിറഞ്ഞു കവിഞ്ഞൊഴുകുന്ന സ്ഥിതിവിശേഷത്തിലെത്തിയ്ക്കുന്നതിലൂടെയാണ് പ്രതിഷ്ഠാകലശകർമ്മങ്ങൾക്ക് പൂർണ്ണത കൈവരുന്നത്.

മേൽപ്പറഞ്ഞ കലശകർമ്മങ്ങളുടെ മഹത്വം ചുരുങ്ങിയ വാക്കുകളിലൂടെ വർണ്ണിക്കുക എന്നത് ശ്രമകരം തന്നെയാണ്. എന്നിരുന്നാലും മഹത്തുക്കളായ ആചാര്യന്മാരുടെ അഭിപ്രായ പ്രകാരം ഇത്തരം കലശവഴിപാടുകൾ നടത്തുന്നതിലൂടെ ഭക്തജനങ്ങൾക്കും കുടുംബത്തിനും ഉണ്ടാകുന്ന ഫലസിദ്ധി താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | ജീവകലശം | – | പൂർവ്വജന്മത്തിലെ ദുരിതം തീർന്ന് ഇഹ ജന്മത്തിൽ സൗഖ്യം ലഭിക്കുന്നതിന് |
| 2. | ബ്രഹ്മകലശം | – | കുടുംബ ഐശ്വര്യത്തിന് |
| 3. | കുംഭേശകർക്കരി കലശം | – | കർമ്മപുഷ്ടി ലഭിക്കുന്നതിന് |
| 4. | നിദ്രാകലശം | – | കുടുംബ ഭദ്രതയ്ക്ക് |
| 5. | തത്വകലശം | – | സന്താനസൗഭാഗ്യത്തിന് |
| 6. | പരികലശം | – | കുടുംബജനങ്ങളുടെ ഐക്യത്തിന് |











